Sri. P. Balakrishnan Tampi: Are those orders obeyed by the University simply because they want a grant?

Sri. Panampilli Govinda Menon: It is not that. The officers of the University are still Government servants.

ആലപ്പുഴ സിവിൽ സപ്ലൈസ് ആഫീസ്

*നവ്യ ക. (ന൯) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പു മിനിസ്റ്റർ സഭയെ മറുപടി നൽകുമോ;

(എ) ആലപ്പുഴ സിവിൽ സപ്ലൈസ് ഡിപ്പോ ആഫീസ് നടത്തിയിരുന്ന കാലത്ത് അവിടെനിന്നും ഡേമണിവച്ചു ഗോഡൗൺ ക്ലാർക്കന്മാരെ പിരിച്ചു വിട്ടിട്ടുണ്ടോ;

(ബി) അങ്ങനെ പിരിച്ചു വിട്ടവരുടെ ഡേമണി തിരിച്ചു കൊടുത്തിട്ടുണ്ടോ;

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതു് എന്തുകൊണ്ടാണെന്നു് പറയുമോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവരുടെ ബാദ്ധ്യതകളൊന്നും തിട്ടപ്പെടുത്തിയിട്ടില്ല. അതിനുശേഷമേ ഡേമണി തിരിച്ചുകൊടുക്കുവാൻ സാധിക്കയുള്ളു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അവരെ പിരിച്ചു വിട്ടിട്ട് ഇപ്പോൾ എത്ര കാലമായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് നോട്ടീസ് വേണം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അവർക്ക കൊടുക്കേണ്ടിവരുന്ന സംഖ്യാ ഉദ്ദേശം എന്തുവരുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോത്തരും ൪൦൦ രൂപാവീതമാണു് ഡേമണി കെട്ടിയിട്ടുള്ളതു്.

ശ്രീ. എ. പി. ഉദയഭാനു: എത്രപേരെ പിരിച്ചു വിട്ടിട്ടുണ്ടു് എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വളരെപ്പേരെ പിരിച്ചുവിട്ടിട്ടുണ്ടു്.

ക്ഷിഫ്റ്റ സിസ്റ്റം

*ന വ്യ൨. (ന ക) ശ്രീ. വി. കെ. വഹീസു്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ:—

ഷിഫ്റ്റ സിസ്റ്റം നടപ്പിലിരിക്കുന്ന സ്കൂളുകൾ ഇപ്പോൾ ഉണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

Page 1